നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെ പതിച്ച് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കുമോ;

(ബി) സർക്കാർ ഭൂമി സംഘടനകൾക്കോ, രാഷ്ട്രീയ പാർട്ടികൾക്കോ പതിച്ചുനൽകാൻ തീരുമാനം കൈക്കൊള്ളാനുള്ള അധികാരം ആർക്കാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാഷ്ട്രീയ പാർട്ടികൾക്കോ, സംഘടനകൾക്കോ, സർക്കാർ സ്ഥലം പതിച്ചുനൽകിയിട്ടുണ്ടെങ്കിൽ ഓരോ ജില്ലയിലും അങ്ങനെ പതിച്ചുനൽകിയ സ്ഥലത്തിന്റെ വിസ്തൃതി, സർവ്വേ നമ്പർ, വില്ലേജ്, പതിച്ചു നൽകിയ സംഘടനയുടെ പേര് എന്നിവ സംബന്ധിച്ച് വിശദവിവരം നൽകുമോ:

(ഡി) സർക്കാരിന്റെ മേൽനോട്ടത്തിൽ സ്മാരകങ്ങളോ, പ്രതിമകളോ സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഭൂമി നീക്കിവച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇതേ ആവശ്യത്തിന് മുൻ സർക്കാരുകളുടെ കാലത്ത് എപ്പോഴെങ്കിലും ഇതേപോലെ സർക്കാർ ഭൂമി ഉപയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 അനുസരിച്ചാണ് പതിച്ചു നൽകുന്നത്.

(ബി) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 അനുസരിച്ച് പൊതുതാൽപര്യം മുൻനിറുത്തി സർക്കാർ സ്ഥലം പതിച്ചുനൽകുന്നതിനുള്ള അധികാരം സർക്കാരിനുണ്ട്.

(സി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഇല്ല.

(ഇ) ചോദ്യം ബാധകമല്ല.

(എഫ്) ഉണ്ട്. കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ വടക്കേവിള വില്ലേജിൽ ശ്രീ. അയ്യൻകാളി പ്രതിമ സ്ഥാപിക്കുന്നതിനും ടി വില്ലേജിൽ മുൻ മന്ത്രി ടി.കെ. ദിവാകരൻ സ്മാരകം പണിയുന്നതിനും, കൊല്ലം ഈസ്റ്റ് വില്ലേജിൽ മുൻ മുഖ്യമന്ത്രി ആർ ശങ്കറിന്റെ പ്രതിമ സ്ഥാപിക്കുന്നതിനും മുൻ സർക്കാരുകൾ സ്ഥലം നൽകിയിട്ടുണ്ട്.

(712) മിനി വാട്ടർ സപ്ലൈ സ്കീം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ മിനി വാട്ടർ സപ്ലൈ സ്കീം പ്രകാരം എത്ര വാട്ടർ ടാങ്കുകൾ നിർമ്മിച്ച് ജലവിതരണം നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ജലവിതരണം മുടങ്ങിക്കിടക്കുന്ന എത്ര വാട്ടർ ടാങ്കുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതികൾ അനുസരിച്ച് ജലവിതരണം പുനഃരാരംഭിക്കാത്തതിന് ആവശ്യമായ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് കോർപ്പറേഷൻ മിനി വാട്ടർ സപ്ലൈ സ്കീം പ്രകാരം, മൊത്തം 23 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. അതിൽ നാലെണ്ണം പ്രവൃത്തി പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നുണ്ട്.

(ബി) പ്രവൃത്തി പൂർത്തിയായവയിൽ ഒന്നും ജലവിതരണം മുടങ്ങിയിട്ടില്ല.

(സി)-(ഡി) ബാധകമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അടിയന്തിര പ്രമേയ നോട്ടീസ്

[9.30 AM] മി. സ്പീക്കർ : ഓർഡർ, ഓർഡർ..... റൂൾ 50 അനുസരിച്ചുള്ള ഒരു നോട്ടീസ് ചെയറിന് ലഭിച്ചിട്ടുണ്ട്. ബാലരാമപുരത്തിനടുത്ത് കടച്ചൽക്കുഴി എന്ന സ്ഥലത്ത് ഗുരുദേവമന്ദിരത്തിനു നേരെയുണ്ടായ അക്രമണത്തെ സംബന്ധിച്ചുള്ളതാണ്. അത് അടിയന്തിരപ്രമേയമായിട്ട് വേണ്ട. ഇവിടെ ഒരു പ്രധാനപ്പെട്ട പ്രശ്നമായി ഉന്നയിക്കാം.....(ബഹളം)..... അടിയന്തിരപ്രമേയമായിട്ടു വേണ്ട.....(ബഹളം)..... അതിന്റെ ആവശ്യമില്ല.....

(ഈ വിഷയം അടിയന്തിരപ്രമേയമായി ഉന്നയിക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ എണീറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രീ. ആര്യാടൻ മുഹമ്മദ് : അടിയന്തിരപ്രമേയമായി ഉന്നയിക്കണം..... (ബഹളം).....

ശ്രീ. ജി. കാർത്തികേയൻ : അടിയന്തിരപ്രമേയമായി അനുവദിക്കണം.....(ബഹളം).....

മി. സ്പീക്കർ : ഒരു പ്രധാന പ്രശ്നമായി ഉന്നയിക്കാം. അടിയന്തിരപ്രമേയം അനുവദിക്കുന്നതിൽ യാതൊരു റിസർവേഷനും വയ്ക്കുന്ന ആളല്ല ചെയർ എന്ന് മനസ്സിലാക്കണം.....(ബഹളം).....അടിയന്തിരപ്രമേയം വളരെ ലിബറലായിട്ടു തന്നെ അനുവദിക്കുകയാണ്. ഇതൊരു അടിയന്തിരപ്രമേയത്തിനുള്ള കാര്യമല്ല. ഇതൊരു പ്രധാനപ്പെട്ട പ്രശ്നമായി ഇവിടെ ഉന്നയിക്കാം..... (ബഹളം)..... ഇതെല്ലാം ചെയർ അനുവദിക്കുകയാണ്.....(ബഹളം)..... ആവശ്യമില്ലാതെ ഒച്ചപ്പാടുണ്ടാക്കരുത്.....(ബഹളം).....ശ്രീമതി ശോഭനാ ജോർജ്.....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : അടിയന്തിരപ്രമേയമായി ഉന്നയിക്കുന്നതിന് അനുവദിക്കണം.

മി. സ്പീക്കർ : അതിന്റെ കാര്യമില്ല. ആവശ്യമില്ലാതെ , ഒച്ചപ്പാടുണ്ടാക്കേണ്ട കാര്യമില്ല. ഇതിനെക്കുറിച്ച് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇതൊരു അടിയന്തിരപ്രമേയമാക്കണമോ എന്നുള്ള കാര്യത്തിൽ നിങ്ങൾക്കുതന്നെ സംശയമാണ്.....(ബഹളം).....ചെയറിന്റെ റൂളിംഗിനെയാണ്

LIBRARY ARCHIVES Kerala Legislative Assembly